നം.ജെ4/9385/15

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം,തീയതി 14 .06..2017

പഞ്ചായത്ത് ഡയറക്ടർ

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും/ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.

സർ,

വിഷയം : പഞ്ചായത്ത് വകുപ്പ് – യൂണിക്കോഡ് അധിഷ്ഠിത മലയാളം ടൈപ്പിങ്ങും ലിബ്രെ ഓഫീസും ഗ്രാമപഞ്ചായത്ത് തലം വരെ നടപ്പിലാക്കുന്നത് – സംബന്ധിച്ച്.

സൂചന : (1) ഉത്തരവ് നം. സ.ഉ. (എം. എസ്.) 31/08/വി.സ.വ. തീയ്യതി 21/08/2008
(2).സർക്കുലർ നം. 86/2020/ഫിൻ. തീയ്യതി 24/09/2010
(3) ഉത്തരവ് നം. ജി. ഒ. (ആർടി) നം. 109/2014/ഐടിഡി. തീയ്യതി 17/05/2014
(4) സർക്കുലർ നം. ഐ. ടി. സെൽ–2/701/2015/ഐ.ടി.ഡി. തീയ്യതി 21/07/2016

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) ഉത്തരവ് പ്രകാരം എല്ലാ സർക്കാർ, തദ്ദേശസ്വയംഭരണ, പൊതുമേഖലാ, സഹകരണ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലും കമ്പ്യൂട്ടറുകളിൽ കത്തുകളും മറ്റു വിവരങ്ങളും തയ്യാറാക്കുമ്പോൾ യൂണിക്കോഡ് അധിഷ്ഠിത മലയാളമാണ് ഉപയോഗിക്കേണ്ടതെന്ന് ഉത്തരവായിരുന്നു. സൂചന (2) സർക്കുലർ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളിലും കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ ഉപയോഗിക്കുമ്പോൾ സാദ്ധ്യമായെടത്തോളം ലിനക്സോ മറ്റു ഓപ്പൺസോഴ്സ് സോഫ്റ്റ്‌വെയറോ ഉപയോഗിക്കണം എന്നും, പൈറേറ്റഡ് സോഫ്റ്റ്‌വെയർ, അനധികൃത സോഫ്റ്റ്‌വെയർ എന്നിവ ഉപയോഗിക്കരുതെന്നും നിർദ്ദേശിച്ചിരുന്നു. സൂചന (3) ഉത്തരവ് പ്രകാരം കാലഹരണപ്പെട്ട വിൻഡോസ് എക്സ് പിയിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടറുകൾ സ്വതന്ത്ര, ഓപ്പൺസോഴ്സ് സോഫ്റ്റ്‌വെയർ ഓപ്പറേറ്റിങ് സിസ്റ്റങ്ങളിലേക്ക് കഴിവതും വേഗം മൈഗ്രേറ്റ് ചെയ്യുന്നതിനും ഒഴിവാക്കാൻ പറ്റാത്ത കാരണങ്ങളാൽ വിൻഡോസ് തന്നെ ഉപയോഗിക്കേണ്ടവ, വിൻഡോസിന്റെ ഏറ്റവും പുതിയ വേർഷനുകളിലേക്ക് അപ്ഗ്രേഡ് ചെയ്യുന്നതിനും ഉത്തരവായിരുന്നു. സൂചന (4) സർക്കുലർ പ്രകാരം എല്ലാ സർക്കാർ സ്ഥാപനങ്ങളും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗത്തിന്റെ സാദ്ധ്യതകൾ നിർബ്ബന്ധമായും ഉപയോഗപ്പെടുത്തേണ്ടതാണെന്നും, സർക്കാർ ഓഫീസുകളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രോഗ്രാമുകൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്നും, പൈറേറ്റഡ് സോഫ്റ്റ്‌വെയർ പ്രോഗ്രാമുകൾ ഉപയോഗിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ആയതിനാൽ മേൽ നിർദ്ദേശങ്ങൾ പഞ്ചായത്ത് വകുപ്പിൽ നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറുകളിൽ കത്തുകളും മറ്റു വിവരങ്ങളും തയ്യാറാക്കുമ്പോൾ യൂണിക്കോഡ് അധിഷ്ഠിത മലയാളം ഉപയോഗപ്പെടുത്തുന്നതിനും യൂണിക്കോഡ് മലയാളത്തിന് മികച്ച പിന്തുണ നല്കുന്ന സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രൊഡക്ടിവിറ്റി സ്യൂട്ടായ ലിബ്രെഓഫീസും വകുപ്പിലുടനീളം വ്യാപിപ്പിക്കുന്നതിന് ആർ.ജി.പി.എസ്.എ യിൽ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കി നിർവ്വഹണം നടത്തിവരികയാണ്. ഗ്രാമപഞ്ചായത്താപ്പീസുകളിലും വകുപ്പിലും സ്ഥിരമായി ഉപയോഗിക്കുന്ന ഫോറങ്ങളുടെ ലിബ്രെ ഓഫീസ് ടെംപ്ലേറ്റുകൾ തയ്യാറാക്കി ഓൺലൈനിൽ ലഭ്യമാക്കുന്നതിനും ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നു.

മേൽ പ്രവൃത്തിയുടെ ആദ്യപടിയായി പഞ്ചായത്ത് ഡയറക്ടറേറ്റിൽ ഈ പ്രവൃത്തിയുടെ നിർവ്വഹണം പൂർത്തിയായി വരുന്നു. അടുത്ത ഘട്ടമായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലേക്കും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിലേക്കും ജില്ലാപഞ്ചായത്ത് ഓഫീസുകളിലേക്കും, തുടർന്ന് പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് ഓഫീസുകൾ, ഗ്രാമപഞ്ചായത്ത് ഓഫീസുകൾ എന്നിവിടങ്ങളിലേക്കും പിന്നീട് ഗ്രാമലക്ഷ്മി മുദ്രാലയത്തിലേക്കും വ്യാപിപ്പിക്കുന്നതിനുമാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

ഇതിനായി ഓഫീസുകളിൽ ഉപയോഗിക്കുന്ന എല്ലാ കമ്പ്യൂട്ടറുകളിലും യൂണികോഡ് മലയാളം ഫോണ്ടുകളും, കീബോർഡ് ലേയൗട്ടുകളും, ലിബ്രെ ഓഫീസും ഇൻസ്റ്റാൾ ചെയ്യേണ്ടതുണ്ട്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിലും ജില്ലാപഞ്ചായത്ത് ഓഫീസുകളിലും പദ്ധതി നടപ്പിലാക്കുന്നതിനായി അതാത് ജില്ലകളിലെ ആർ ജി പി എസ് എ – എം ഐ എസ് സ്പെഷലിസ്റ്റുമാരെ ജില്ലാതല നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തി അവരുടെ സഹായത്തോടെ മേൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

കൂടാതെ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് ഓഫീസുകൾ, ഗ്രാമപഞ്ചായത്ത് ഓഫീസുകൾ എന്നിവിടങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിനായി ഓരോ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിൽ നിന്നും യൂണിറ്റ് പരിധിയിലെ ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ നിന്നുമായി അനുയോജ്യരായ അഞ്ചു ജീവനക്കാരെ വീതം തെരഞ്ഞെടുത്ത് ഈ പ്രവൃത്തിയുടെ സുഗമമായ നടത്തിപ്പിനായി ചുമതലപ്പെടുത്തേണ്ടതും അവരുടെ പേരും, ഓഫീസ് മേൽവിലാസവും മൊബൈൽ ഫോൺ നമ്പറും ഇമെയിൽ വിലാസവും ഈ ഓഫീസിലേക്ക് ലഭ്യമാക്കേണ്ടതുമാണ്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവർക്ക് മതിയായ പരിശീലനം നല്കുന്നതായിരിക്കും. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർക്ക് യൂണികോഡ് മലയാളം ഫോണ്ടുകളും, കീബോർഡ് ലേയൗട്ടുകളും,ലിബ്ര ഓഫീസും ഇൻസ്റ്റാൾ ചെയ്യുന്നതിന് കമ്പ്യൂട്ടറുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പ്രതിഫലം നൽകുന്നതാണ്. ഗ്രാമപഞ്ചായത്തുതലം വരെ നടപ്പിലാക്കുന്ന പ്രവൃത്തിയുടെ മേൽനോട്ടവും നേതൃത്വവും സാങ്കേതിക പിന്തുണയും അതാത് ജില്ലകളിലെ ആർ ജി പി എസ് എ – എം ഐ എസ് സ്പെഷലിസ്റ്റുമാർ നിർവ്വഹിക്കേണ്ടതാണ്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രതിമാസയോഗത്തിൽ ഈ വിഷയം അജണ്ടയിൽ ചേർത്ത് അവതരിപ്പിക്കുവാൻ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ

പഞ്ചായത്ത് ഡയറക്ടർക്ക് വേണ്ടി